## നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കാൻ അനുവാദം

മി. ഡെപ്യൂട്ടി സ്പീക്കർ: കേരളാ നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച് ചട്ടം 170(1) അനുസരിച്ച്, സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഒരു അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഞാൻ അപേക്ഷ വായിക്കാം.

"ചിക്കൻഗുനിയ പിടിപെട്ടതിനെത്തുടർന്ന് കഴിഞ്ഞ ഒരു മാസക്കാലമായി ഞാൻ ചികിത്സയിലാണ്. ഹോസ്പിറ്റലിൽ നിന്ന് ഡിസ്ചാർജ് ആയെങ്കിലും ആരോഗ്യനില പൂർണ്ണമായും മെച്ചപ്പെട്ടിട്ടില്ല. ശക്തമായ ശരീരവേദനയും ശരീരത്തിൽ നീരു കെട്ടിയതും ക്ഷീണവും നിമിത്തം നടക്കുന്നതിനും മറ്റും വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഡോക്ടർമാരുടെ നിർദ്ദേശാനുസരണം വീട്ടിൽ പൂർണ്ണമായും വിശ്രമത്തിലാണിപ്പോൾ. ആയതിനാൽ ഈ മാസം 22 മുതൽ ആരംഭിക്കുന്ന നിയമസഭാ സമ്മേളനത്തിന്റെ തുടക്കക്കാലയളവിൽ പങ്കെടുക്കാൻ കഴിയില്ല. ടി കാലയളവിൽ എനിക്ക് ലീവ് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അസുഖം ഭേദമാകുന്നമുറയ്ക്ക് അങ്ങയെ അറിയിക്കുന്നതും, ശേഷിക്കുന്ന

സമ്മേളനത്തിൽ പങ്കെടുക്കുന്നതുമാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രന് പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം നൽകുന്നതിന് സഭയ്ക്ക് സമ്മതമാണോ?

സഭയുടെ അനുമതിയോടെ ഹാജരാകാതിരിക്കാനുള്ള അനുവാദം നൽകിയിരിക്കുന്നു.